

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പനമ്പള്ളി നഗർ 56–ാം ഡിവിഷനിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഹോമിയോ ഡിസ്പെൻസറിയുടേയും വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന്റേയും ഉദ്ഘാടനം 2017 മേയ് 22–ാം തീയതി ഗിരിനഗർ സൗത്തിൽ വച്ച് ബഹുമാനപ്പെട്ട മേയർ ശ്രീമതി. സൗമിനി ജെയിൻ നിർവ്വഹിച്ചു.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർ ആന്റണി പൈനുത്തറ സ്വാഗതവും ഡോ. കുഞ്ഞുമോൾ കെ.കെ. നന്ദിയും രേഖപ്പെടുത്തി. കൗൺസിലർമാരായ പി.ഡി.മാർട്ടിൻ, ഡേവിഡ് പറമ്പിത്തറ, ജോൺസൺ മാഷ്, കെ.എക്സ്. ഫ്രാൻസീസ് എന്നിവർ ആശംസ അർപ്പിച്ചു.

ചടങ്ങിൽ മുൻ കൗൺസിലർമാരായ ഭാമ പത്മനാഭൻ, പത്മനാഭൻ മാഷ്, എ.ഡി.എസ്. ചെയർപേഴ്സൺ ധന്യ മനോജ്, ഡിവിഷൻ ഫെസിലിറ്റേറ്റർ വിജയകുമാർ, ഗിരിനഗർ റെസിഡെന്റ്സ് അസോസൊയേഷൻ പ്രസിഡന്റ് ഷൈൻ പറപ്പിള്ളി  എന്നിവരും പങ്കെടുത്തു.